Keraleeyam
Rs. 25/- 2021 May Vol. 22 Issue 05

# കൊക്കക്കോളയിൽ നിന്നും ഒരു സഹായവും സ്വീകരിക്കരുത്

## എസ്. ഫെയ്സി

2009 ൽ കേരള സർക്കാർ രൂപീകരിച്ച പ്ലാച്ചിമട ഉന്നതാധികാര സമിതിയിലെ പരിസ്ഥിതി വിദഗ്ദ്ധൻ എന്ന നിലയിൽ പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റ് ഒരു കോവിഡ് കെയർ സെന്ററാക്കി മാറ്റുന്നുവെന്ന വാർത്ത അറിഞ്ഞതിനെത്തുടർന്നാണ് ഞാനിത് എഴുതുന്നത്.

1. ചിറ്റൂർ ബ്ലോക്കിലെ മെഡിക്കൽ സൗകര്യങ്ങൾ വളരെ പരിമിതവും രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ സാഹചര്യത്തിൽ ഇത് വളരെ ശ്രദ്ധാപൂർവ്വമായ നടപടിയാണ്. എന്നിരുന്നാലും, കോള പ്ലാന്റ് കോമ്പൗണ്ട് നിയമപരമായി ഏറ്റെടുക്കുന്നതിലൂടെയും ദുരന്ത നിവാരണ നിയമം 2005 ലെ വ്യവസ്ഥകൾ ഉപയോഗിച്ചും 2010 ൽ ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏഴ് നിയമങ്ങളുടെ ലംഘനത്തിന് പരിഹാരമായും കോവിഡ് കെയർ സൗകര്യം സജ്ജീകരിക്കാൻ സർക്കാർ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കേണ്ടതുണ്ട്.

2. പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം 216 കോടി രൂപയുടെ നഷ്ടപരിഹാരം പ്രദേശവാസികൾക്ക് നൽകാൻ സർക്കാർ കോള കമ്പനിയോട് ആവശ്യപ്പെടണം. നിയമസഭയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തെ അട്ടിമറിച്ച ബഹുരാഷ്ട്ര കമ്പനിക്ക്, ഉന്നതാധികാര സമിതി നിർദ്ദേശിച്ച നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാർ നോട്ടീസ് നൽകണം. കോള കമ്പനിയുടെ സി.എസ്.ആറിൽ നിന്ന് സർക്കാരോ പഞ്ചായത്തോ ഒരു ഫണ്ടും സ്വീകരിക്കാൻ പാടില്ല.

3. എസ്.സി/ എസ്.ടി അതിക്രമങ്ങൾ തടയൽ നിയമപ്രകാരം കോള കമ്പനിക്കെതിരെ മണ്ണാർക്കാട് പ്രത്യേക കോടതിയിൽ ഒരു ക്രിമിനൽ കേസ് നിലവിലുണ്ട്. ഒരു കുറ്റവാളിയിൽ നിന്നും ചാരിറ്റി സ്വീകരിക്കുന്നത് നിയമവിരുദ്ധമാണ്. അതിനാൽ സർക്കാരോ പഞ്ചായത്തോ കോളയിൽ നിന്ന് ചാരിറ്റി ഫണ്ടുകളൊന്നും സ്വീകരിക്കാതെ നഷ്ടപരിഹാരം നൽകാനായി കോള കമ്പനിയെ നിർബന്ധിതരാക്കുകയാണ് വേണ്ടത്.

4. നഷ്ടപരിഹാരം നൽകാൻ കോള കമ്പനി വിസമ്മതിക്കുകയാണെങ്കിൽ, സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ ഉപദേശപ്രകാരം ദേശീയ ഹരിത ട്രൈബ്യൂണലിൽ നഷ്ടപരിഹാര കേസ് ഫയൽ ചെയ്യാൻ സർക്കാർ പ്രാദേശിക ജനങ്ങളെ പിന്തുണക്കുകയാണ് വേണ്ടത്.

5. പാച്ചിമടയിലെ മുഴുവൻ വീടുകളിലും കമ്പനിയുടെ ചെലവിൽ കുടിവെള്ളം പൈപ്പ്ലൈൻ വഴി നൽകാൻ കൊക്കകോള കമ്പനിയോട് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി ആവശ്യപ്പെട്ടിരുന്നു. ഇത് പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തണം.

6. 2007 ൽ മലിനീകരണ നിയന്ത്രണ ബോർഡ് ജല നിയമപ്രകാരം കോള കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും തുടർ നടപടികൾ ഉണ്ടായില്ല. പി.സി.ബിയുടെ ഈ നിരുത്തരവാദിത്തം ഒരു വിചിത്രമായ കാരണത്താൽ വിശദീകരിക്കാൻ ശ്രമിക്കുകയാണ് അവർ ചെയ്തത്. പൊതുതാൽപ്പര്യ ഹർജിയുടെ മറവിൽ കമ്പനിയുടെ പ്രതിനിധി (ഗോകുൽപ്രസാദ്) ഒരു (വ്യാജ) കേസ് ഇതേ കാര്യത്തിൽ ഫയൽ ചെയ്തിരുന്നു. എന്നാൽ ആ വ്യക്തി തെളിവുകൾ ഹാജരാക്കുകയോ കേസ് വാദിക്കുകയോ ചെയ്തില്ല. കോടതി വിധി അങ്ങനെ കൊക്കക്കോളയ്ക്ക് അനുകൂലമായി മാറി. ജലനിയമപ്രകാരം കോള കമ്പനിക്കെതിരെ പി.സി.ബി കേസ് ഫയൽ ചെയ്യുന്നത് തടയാൻ വേണ്ടിയായിരുന്നു ഈ നീക്കം. ഒരു ബഹുരാഷ്ട്ര കമ്പനി ജുഡീഷ്യൽ നടപടിക്രമങ്ങൾ ദുരുപയോഗം ചെയ്യുന്നു എന്നതിന്റെ ഉദാഹരണം കൂടിയാണ് ഈ സംഭവം.

7. ഒട്ടും പശ്ചാത്താപമില്ലാത്ത ഒരു കമ്പനിയുമായി ഇടപെടുമ്പോൾ ഗവൺമെന്റും പഞ്ചായത്തും ജാഗ്രത പാലിക്കേണ്ടതുണ്ട്. കൊക്കക്കോള ചെയ്ത അനേകം കുറ്റകൃത്യങ്ങൾ നിയമാനുസൃതമാക്കുന്നതിനുള്ള ഒരു മാർഗമായി അവർ ഈ ഇടപ്പെടലുകളെ ഉപയോഗിക്കാനുള്ള സാധ്യതയുണ്ട്. ■




Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com